# വെളിപ്പാട് പുസ്തക പഠനം –16

# യോഹന്നാൻ പത്മോസിൽ

ഡോ.സി.വി. ആൻഡ്രൂസ്

**''യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിൽ ആയിരുന്നു.'' (വാക്യം 9)**

യോഹന്നാന്റെ പേരിലുള്ള കുറ്റം ദൈവവചനഘോഷണവും കർത്താവിനെക്കുറിച്ചുള്ള സാക്ഷ്യവുമായിരുന്നു. താൻ നാടുകടത്തപ്പെട്ടതിന്റെ കാരണം ഇതായിരുന്നു. എന്നാൽ ക്രിസ്തു നിമിത്തം സഹിക്കേണ്ടിവരുന്ന കഷ്ടങ്ങൾക്ക് പ്രതിഫലം ഉൺട്. കഷ്ടതയുടെ നടുവിൽ യോഹന്നാൻ ദൈവവചനം ഘോഷിക്കുന്നതിൽ യാതൊരു അയവും വരുത്തിയില്ല. അതിനാൽ ജനങ്ങൾ രക്ഷിക്കപ്പെടുകയും സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. വെളിപ്പാട് 19 : 10 ൽ ''യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവ് '' എന്നാണ് എഴുതിയിരിക്കുന്നത്. യേശുവിനെക്കുറിച്ച് സാക്ഷ്യം പറയേൺടത് അവന്റെ സുവിശേഷത്തിന്റെ മർമ്മമാണ്. പ്രസംഗത്തിന്റെയും സാക്ഷ്യത്തിന്റെയും കാതൽ സുവിശേഷം തന്നെയാണ്.

യോഹന്നാൻ ഇക്കാര്യം യാതൊരു മടിയും കൂടാതെ നടത്തിക്കൊൺടിരുന്നു. ആകയാൽ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തവും താൻ പത്മോസ് ദ്വീപിൽ ആയിരിക്കുന്നു. ഫലശൂന്യവും വരൺടതുമായ പാറക്കെട്ടുകളുടെ ദ്വീപാണ് പത്മോസ്. കുറ്റവാളികളെ ഈ ദ്വീപിലേക്ക് ശിക്ഷിച്ച് നാടുകടത്തുക എന്നത് റോമൻ രീതിയായിരുന്നു. സാധാരണയായി രാഷ്ട്രീയ തടവുകാരെയാണ് അങ്ങനെ ചെയ്തിരുന്നത്. എന്നാൽ യോഹന്നാൻ എഴുതിയ സുവിശേഷവും ലേഖനങ്ങളും നിമിത്തം താനും ഒരു കുറ്റവാളിയായി വിധിക്കപ്പെട്ടു.

വടക്ക് കരിങ്കടലും പടിഞ്ഞാറ് ഈജിയൻ കടലും തെക്ക് മെഡിറ്ററേനിയൻ കടലും ചുറ്റപ്പെട്ട ഭൂവിഭാഗമാണ് ചിറ്റാസ്യയെന്ന ഏഷ്യാമൈനർ. ഏഷ്യാമൈനറിന് 90 മൈൽ പടിഞ്ഞാറ് ഭാഗത്തായും എഫെസോസിന് 60 മൈൽ തെക്ക് പടിഞ്ഞാറായും സാമോസിന് 55 മൈൽ തെക്ക് പടിഞ്ഞാറായും ഏഥെൻസിന് 150 മൈൽ കിഴക്കായും ഈജിയൻ കടലിൽ സ്ഥിതി ചെയ്യുന്ന ദ്വീപ് സമൂഹത്തിൽ 10 മൈൽ നീളവും 6 മൈൽ വീതിയുമുള്ള ഒരു ദ്വീപാണ് പത്മോസ്.

ഭയം ഉളവാക്കുന്ന ഒരു വികൃത രൂപമാണ് പത്മോസിനുള്ളത്. പാറക്കെട്ടുകളാൽ നിറഞ്ഞ ഊഷരഭൂമിയാണ് പത്മോസ്. കടൽക്കാറ്റിന്റെ വിഹാരരംഗമാണ് ഇത്. കുന്നുകളാലും പാറക്കെട്ടുകളാലും നിറഞ്ഞിരിക്കുന്ന അപകടകാരിയായ ഒരു ദ്വീപ്. പലപ്പോഴായി സംഭവിച്ചിട്ടുള്ള അഗ്നിപർവ്വതസ്ഫോടനങ്ങളാൽ പൊട്ടച്ചിതറി കിടക്കുന്ന പാറക്കഷണങ്ങളെ കൺടാൽ ഒറ്റനോട്ടത്തിൽ അസ്ഥികളും തലയോട്ടികളും ചിതറിക്കിടക്കുന്ന താഴ്വര പോലെ തോന്നും. യാതൊരു കരുണയും കാണിക്കാതെ ക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊൺടിരുന്ന കാലം. തടവുകാരായി നാടുകടത്തപ്പെട്ടിരുന്ന ആളുകളുടെ അസ്ഥികളും മറ്റും ചിതറിക്കിടന്നിരുന്ന നിർജ്ജനവും ഭയാകനവുമായ അന്തരീക്ഷം തളംകെട്ടിനിന്നിരുന്ന ദ്വീപായിരുന്നു പത്മോസ്.

അന്നത്തെ റോമൻ ചക്രവർത്തിയായിരുന്ന ഡൊമീഷ്യൻ ഈജിയൻ സമുദ്രത്തിലെ ഈ പത്മോസ് ദ്വീപിലേക്ക് യോഹന്നാനെ നാടുകടത്തി. ഇവിടെ വച്ച് കണ്ണുനീരും നിരാശയുമായി കഴിയുന്ന കുറ്റവാളികളുടെ നടുവിൽ യോഹന്നാൻ ദൈവിക സാന്നിധ്യത്തിൽ മുങ്ങിനിറഞ്ഞുനിന്നു. എ.ഡി 81–96 വരെ ഭരിച്ചിരുന്ന ഡൊമീഷന്റെ അവസാന കാലങ്ങളിൽ അതായത് എഡി 95 ലാണ് യോഹന്നാൻ പത്മോസിലേക്ക് നാടുകടത്തപ്പെട്ടത്. അതേ വർഷമാണ് യോഹന്നാന് കർത്താവ് പ്രത്യക്ഷപ്പെട്ടതും ഈ വെളിപ്പാടുകൾ നൽകിയതും.

''ഞാൻ അവനെ കൺടു'' എന്ന് യോഹന്നാൻ പറയുന്നു. യോഹന്നാന്റെ തുടർന്നുള്ള ചരിത്രത്തിൽ എഡി 96ൽ പത്മോസ് ദ്വീപിൽ നിന്ന് അദ്ദേഹം എഫേസോസിലേക്ക് മടങ്ങിവരികയും 96 ൽ ഈ പുസ്തകം രചിക്കുകയും ചെയ്തു എന്ന് അഭിപ്രായപ്പെടുന്നു.

റോമൻ ചക്രവർത്തിയായിരുന്ന ട്രോജന്റെ വാഴ്ചയുടെ ഒന്നാം ആൺടിൽ (എഡി 98–117) എഫെസോസിൽ വച്ചു തന്റെ നല്ല വാർദ്ധക്യത്തിൽ യോഹന്നാൻ സ്വാഭാവികമായി മരണം വരിച്ചു എന്ന് ചരിത്രരേഖകളുൺട്.

സമുദ്രത്താൽ ചുറ്റപ്പെട്ടിരുന്ന പത്മോസ് ദ്വീപിൽ യേശുക്രിസ്തുവിന്റെ വെളിപ്പാടുകൾ പ്രാപിക്കാൻ യോഹന്നാന് ഇടയായി. മനുഷ്യസമൂഹത്തിൽനിന്ന് യോഹന്നാൻ ബഹിഷ്കൃതനായെങ്കിലും യേശുവിന്റെ വെളിപ്പാടുകളുടെ രംഗമായി പത്മോസ് മാറ്റപ്പെട്ടു. ഇന്ന് ഈ ദ്വീപിന്റെ പേർ പാറ്റിനോ (ജമശേീ) എന്നാണ്. ജനസംഖ്യ ഏതാൺട് 4,700 വരും. അവരെല്ലാം ഗ്രീക്ക് ക്രിസ്ത്യാനികളാണ്. സമുദ്രത്തിന് അഭിമുഖമായുള്ള ഒരു ഗുഹയിലാണ് യോഹന്നാൻ കിടന്നിരുന്നത്. ആ ഗുഹ പിന്നീട് ദേവാലയമായി പണിതുയർത്തി.

റോമൻ ചക്രവർത്തിമാർ പത്രോസിനെ ക്രൂശിച്ചു, പൗലോസിനെ ശിരഛേദം ചെയ്തു. യോഹന്നാനെ നാടുകടത്തി. അതോടെ സുവിശേഷ ഘോഷണം നിലച്ചു എന്ന് അവർ ചിന്തിച്ചു. എന്നാൽ അവിടെവച്ചു യോഹന്നാന് ഭാവികാലസംഭവങ്ങളുടെ വെളിപ്പാടുകൾ ലഭിക്കുകയും അത് ലോകത്തിന് താൻ നൽകുകയും ചെയ്തു.